**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 799** **11-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെയും, ബാങ്കുകളിലെയും വായ്പാകുടിശ്ശിക കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ ***നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി*** ആവിഷ്കരിച്ച് നടപ്പിലാക്കി. സഹകരണ ബാങ്കുകളിൽ നിന്ന് ലോണെടുത്ത് തിരിച്ചടവിൽ മുടക്കം വരുത്തിയവരുടെ കുടിശ്ശിക ഇളവുകളോടെ അടച്ച് തീർക്കാൻ ടി പദ്ധതി പ്രകാരം സാധിക്കുന്നു.<br><br>ടി പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുക എന്നിങ്ങനെ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസ് ഫെഡ്/ഹൗസിംഗ് സഹകരണസംഘങ്ങൾ, സംസ്ഥാന/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ അതാത് മേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും ഗുണകരവുമായ പദ്ധതി ആവിഷ്കരിച്ച് സഹകരണ |

| | | | |
|---|---|---|---|
| | | | സംഘം രജിസ്റ്റാറുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2021 ഓഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെയും, 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും, 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>കേരള ബാങ്കിന് 01.05.2024 മുതൽ 30.06.2024 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ദുർബല സഹകരണ സംഘങ്ങളെ കണ്ടെത്തുന്നതിനും അവയെ പുനരുജ്ജീവിപ്പിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ദുർബല സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നതിനുമായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗ ത്തിന്റെ ഉന്നമനത്തിനായി സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുജ്ജീവനത്തിനുമായി **പട്ടികജാതി / പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം** എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനും സമഗ്ര വികസനത്തിനുമായി നടപ്പിലാക്കുന്ന പുനർജ്ജനി പദ്ധതി, വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണസംഘങ്ങൾക്ക് അനുവദിക്കുന്ന പുനരുദ്ധാരണസഹായം, സഹകരണ സംഘങ്ങളിലെ ജീവനക്കാർ ഭരണസമിതി അംഗങ്ങൾ എന്നിവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നു.<br><br>**വനിത സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനും** തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്റ്റുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുന്നതിനായി 2024-25 സാമ്പത്തികവർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങളുടെ കീഴിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം, വിവിധ പരിശീലന പരിപാടികൾ/ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, ദുർബല വനിതാ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നു.<br><br>യുവജന സഹകരണസംഘങ്ങൾക്കുള്ള ധനസഹായം, ഭിന്നലിംഗക്കാരുടെ സഹകരണ സംഘങ്ങൾക്കും അവർ അംഗങ്ങളായ സഹകരണ സംഘങ്ങൾക്കും തൊഴിലവസരം സൃഷ്ടിക്കുന്നതിനായുള്ള ധനസഹായം, അസംഘടിതമേഖലയിലെ സഹകരണ സംഘങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പലവക സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്ക ന്നതിനായി **മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം** എന്നിവ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തികവർഷം 1800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ദുർബ്ബലവും എന്നാൽ പ്രായോഗികവും/ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരധിവാസത്തിനായി പദ്ധതിചെലവിന്റെ 65% വരെ അംഗീകൃത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.<br><br>സംസ്ഥാനത്തെ **ദുർബലമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ** പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഒരു വായ്പാ പദ്ധതി കേരള ബാങ്ക് രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. ദുർബലമായ പ്രാഥമിക സഹകരണ സംഘങ്ങളുടെ ശക്തി, ദൗർബല്യം, അവസരം, വെല്ലുവിളികൾ എന്നിവ വിലയിരുത്തി ഒരു കർമ്മപദ്ധതി തയ്യാറാക്കി സഹകരണ സംഘത്തിന്റെ പ്രതിനിധിയും, കേരള ബാങ്കും MOU ഒപ്പ് വച്ച് പ്രവർത്തിക്കുന്നതിനും ക്രമാനുഗതമായി എല്ലാ മേഖലയിലും പുരോഗതി കൈവരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സംഘത്തിന് നൽകുകയും, പ്രസ്തുത നിർദ്ദേശ ങ്ങൾ അനുസരിച്ച് സംഘം പ്രവർത്തിക്കുമ്പോൾ കൈവരിക്കുന്ന പുരോഗതിക്കനുസരിച്ച് വായ്പാ സഹായം നൽകി സംഘത്തെ ശാക്തീകരിക്കുന്നതുമാണ് പദ്ധതി. |
| (സി) | ആലപ്പുഴ ജില്ലയിൽ ടൂറിസം മേഖലയിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു | (സി) | നിലവിൽ ആലപ്പുഴ ജില്ലയിൽ ടൂറിസം മേഖലയിൽ നാല് സഹകരണ സംഘങ്ങൾ നാമമാത്രമായി |

| | | | |
|---|---|---|---|
| | പ്രവർത്തിച്ച് വരുന്നുണ്ട്; താലൂക്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | | പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേര് വിവരം താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>**<u>അമ്പലപ്പുഴ താലൂക്ക്</u>**<br><br>എ.1080, കുട്ടനാട് ടൂറിസം ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.<br><br>എ.1174, തീരം ടൂറിസം സഹകരണ സംഘം<br><br>**<u>കാർത്തികപ്പള്ളി താലൂക്ക്</u>**<br><br>എ.1247, കാർത്തികപ്പള്ളി താലൂക്ക് ടൂറിസം ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.<br><br>എ.1261, വലിയഴീക്കൽ കോസ്റ്റൽ ടൂറിസം ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.<br><br>കൂടാതെ ചേർത്തല താലൂക്കിലെ എ.875, എഴുപുന്ന പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം, ടൂറിസം മേഖലയിൽ ശിക്കാരവള്ളം സർവ്വീസ് നടത്തുന്നുണ്ട്. |
| (ഡി) | ആലപ്പുഴ ജില്ലയിലെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗ സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; പ്രസ്തുത സംഘങ്ങളുടെ പുനരുജ്ജീവനത്തിനും പ്രോത്സാഹനത്തിനും നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ? | (ഡി) | ആലപ്പുഴ ജില്ലയിലെ പട്ടികജാതി – പട്ടിക വർഗ്ഗ വിഭാഗ സഹകരണ സംഘങ്ങളുടെ വിവരം ഉൾപ്പെട്ട താലൂക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടിക അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത സംഘങ്ങളുടെ പുനരുജ്ജീവനത്തിനും പ്രോത്സാഹനത്തിനും നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>പുനരുദ്ധാരണ പദ്ധതി – സർക്കാർ ഓഹരി/ ഗ്രാന്റ് – ഒരു സംഘത്തിന് പരമാവധി 20 ലക്ഷം രൂപ.<br><br>പ്രത്യേക പുനരുദ്ധാരണ പദ്ധതി – സർക്കാർ ഓഹരി/ ഗ്രാന്റ് – ഒരു സംഘത്തിന് പരമാവധി 40 ലക്ഷം രൂപ.<br><br>ഓഹരി മൂലധനം ശക്തിപ്പെടുത്തൽ - സർക്കാർ ഓഹരി - ഒരു സംഘത്തിന് 4 ലക്ഷം രൂപ വരെ.<br><br>പ്രവർത്തന മൂലധന ഗ്രാന്റ് – ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ.<br><br>കെട്ടിട പുനരുദ്ധാരണ ഗ്രാന്റ് – ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ.<br><br>സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള എസ്.സി/ എസ്.റ്റി സംഘങ്ങളെ ഉദ്ധരിക്കുന്നതിനും സാമ്പത്തികമായി സ്വയം പര്യാപ്തമാക്കുന്നതിനുമായി പുനർജ്ജനി പദ്ധതി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## ആലപ്പുഴ ജില്ലയിലെ പട്ടികജാതി /പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

| ക്രമ നം | സംഘത്തിന്റെ പേര് ക്ലിപ്തം നമ്പർ ഉൾപ്പെടെ | താലൂക്ക് | സംഘത്തിന്റെ മേൽ വിലാസം | രജിസ്റ്റർ ചെയ്ത വർഷം |
|---|---|---|---|---|
| 1 | എ.670, തലവടി പഞ്ചായത്ത് എസ്.സി/എസ്.റ്റി സി.എസ് | കുട്ടനാട് | തലവടി പി.ഒ, ആലപ്പുഴ | 1978 |
| 2. | എ.754, കൈനകരി പഞ്ചായത്ത് എസ്.സി/എസ്.റ്റി എസ്.സി.എസ് | കുട്ടനാട് | എടത്വ പി.ഒ, ആലപ്പുഴ | 1981 |
| 3. | എ.785, നെടുമുടി പഞ്ചായത്ത് എസ്.സി/എസ്.റ്റി സി.എസ് | കുട്ടനാട് | പൊങ്ങ പി.ഒ, ആലപ്പുഴ | 1983 |
| 4 | എ.897, എടത്വ പഞ്ചായത്ത് പട്ടികജാതി എസ്.സി.എസ് | കുട്ടനാട് | എടത്വ പി.ഒ, ആലപ്പുഴ | 1991 |
| 5. | എ 938, തകഴി വില്ലേജ് എസ്.സി/എസ്.റ്റി എസ് സി എസ് | കുട്ടനാട് | തകഴി പി.ഒ, ആലപ്പുഴ | 1993 |
| 6. | എ 735, മുട്ടാർ വില്ലേജ് എസ്.സി/എസ്.റ്റി സി.എസ് | കുട്ടനാട് | മുട്ടാർ പി.ഒ, ആലപ്പുഴ | 1980 |
| 7 | എ.802, രാമങ്കരി പഞ്ചായത്ത് എസ്.സി/എസ്.റ്റി എസ്.സി.എസ് | കുട്ടനാട് | രാമങ്കരി പി.ഒ, ആലപ്പുഴ | 1984 |
| 8. | എ.333, പാണ്ടനാട് എസ്.സി എസ്.സി.എസ് | ചെങ്ങന്നൂർ | പാണ്ടനാട് പി.ഒ, ആലപ്പുഴ | 1974 |
| 9 | എ.662, ചെങ്ങന്നൂർ താലൂക്ക് എസ്.സി. എസ്.സി.എസ് | ചെങ്ങന്നൂർ | ചെങ്ങന്നൂർ പി.ഒ, ആലപ്പുഴ | 1977 |
| 10 | എ.727, ചെറിയനാട് എസ്.സി എസ്.സി.എസ് | ചെങ്ങന്നൂർ | ചെറിയനാട് പി.ഒ, ആലപ്പുഴ | 1980 |
| 11 | എ.655, പൊഇവൂർ എസ്.സി എസ്.സി.എസ് | ചെങ്ങന്നൂർ | എരുമക്കുഴ പി.ഒ, ആലപ്പുഴ | 1977 |
| 12 | എ.737, ബുധനൂർ എസ്.സി എസ്.സി.എസ് | ചെങ്ങന്നൂർ | ബുധനൂർ പി.ഒ, ആലപ്പുഴ | 1977 |
| 13 | എ.876, മാന്നാർ പഞ്ചായത്ത് എസ്.സി എസ്.സി.എസ് | ചെങ്ങന്നൂർ | മാന്നാർ പി.ഒ, ആലപ്പുഴ | 1990 |
| 14 | എ.660, പുല്ലുകുളങ്ങര എസ്.സി എസ്.സി.എസ് | കാർത്തികപ്പള്ളി | കായംകുളം പി.ഒ, ആലപ്പുഴ | 1977 |
| 15 | എ.679,കായംകുളം എസ്.സി. എസ്.സി.എസ് | കാർത്തികപ്പള്ളി | കായംകുളം പി.ഒ, ആലപ്പുഴ | 1979 |

| | | | | |
|---|---|---|---|---|
| 16 | എ.745, ചിങ്ങോലി പഞ്ചായത്ത് എസ്.സി/എസ്.റ്റി എസ്.സി.എസ് | കാർത്തികപ്പള്ളി | ചിങ്ങോലി പി.ഒ, ആലപ്പുഴ | 1981 |
| 17 | എ.748, ആറാട്ടുപ്പുഴ വില്ലേജ് എസ്.സി/എസ്.റ്റി എസ്.സി.എസ് | കാർത്തികപ്പള്ളി | ആറാട്ടുപ്പുഴ പി.ഒ, ആലപ്പുഴ | 1981 |
| 18 | എ.766, കുമാരപുരം പഞ്ചായത്ത് എസ്.സി എസ്.സി.എസ് | കാർത്തികപ്പള്ളി | കുമാരപുരം പി.ഒ, ആലപ്പുഴ | 1982 |
| 19 | എ.770, തൃക്കുന്നപ്പുഴ പഞ്ചായത്ത് എസ്.സി എസ്.സി.എസ് | കാർത്തികപ്പള്ളി | പല്ലന പി.ഒ, ആലപ്പുഴ | 1982 |
| 20 | എ.775, ചേപ്പാട് വില്ലേജ് എസ്.സി എസി.സി.എസ് | കാർത്തികപ്പള്ളി | ചേപ്പാട് പി.ഒ, ആലപ്പുഴ | 1982 |
| 21 | എ.748, മുതുകുളം വില്ലേജ് എസ്.സി/ എസ്.റ്റി എസ്.സി.എസ് | കാർത്തികപ്പള്ളി | മുതുകുളം പി.ഒ, ആലപ്പുഴ | 1987 |
| 22 | എ.747, ഹരിപ്പാട് വില്ലേജ് എസ്.സി എസ്.സി.എസ് | കാർത്തികപ്പള്ളി | ഹരിപ്പാട് പി.ഒ, ആലപ്പുഴ | 1988 |
| 23 | എ.725, പള്ളിപ്പാട് എസ്.സി എസ്.സി.എസ് | കാർത്തികപ്പള്ളി | പള്ളിപ്പാട് പി.ഒ, ആലപ്പുഴ | 1980 |
| 24 | എ.673, ദേവികുളങ്ങര പഞ്ചായത്ത് എസ്.സി എസ്.സി.എസ് | കാർത്തികപ്പള്ളി | ദേവികുളങ്ങര, ആലപ്പുഴ | 1979 |
| 25 | എ.774, കരുവാറ്റ പഞ്ചായത്ത് എസ്.സി എസ്.സി.എസ് | കാർത്തികപ്പള്ളി | കരുവാറ്റ നോർത്ത് പി.ഒ, ആലപ്പുഴ | 1985 |
| 26 | എ.710, കാർത്തികപ്പള്ളി താലൂക്ക് പട്ടികവർഗ്ഗ എസ്.സി.എസ് | കാർത്തികപ്പള്ളി | കുമാരപുരം പി.ഒ, ആലപ്പുഴ | 1980 |
| 27 | എ.742, അരൂക്കുറ്റി ഹരിജൻ എസ്.സി.എസ് | ചേർത്തല | അരൂർക്കുറ്റ് പി.ഒ, ആലപ്പുഴ | 1981 |
| 28 | എ.348, അരൂർ പഞ്ചായത്ത് എസ്.സി എസ്.സി.എസ് | ചേർത്തല | അരൂർ, ആലപ്പുഴ | 1974 |
| 29 | എ.275, ചേർത്തല തെക്ക് എസ്.സി എസ്.സി.എസ് | ചേർത്തല | ചേർത്തല തെക്ക് പി.ഒ, ആലപ്പുഴ | 1979 |
| 30 | എ.815 എഴുപുന്ന എസ്.സി എസ്.സി.എസ് | ചേർത്തല | എഴുപുന്ന , ആലപ്പുഴ | 1986 |
| 31 | എ.690, കഞ്ഞിക്കുഴി ഹരിജൻ മൾട്ടിപർപ്പസ് എസ്.സി.എസ് | ചേർത്തല | കഞ്ഞിക്കുഴി , ആലപ്പുഴ | 1980 |
| 32 | എ.797,കോടംതുരുത്ത് പഞ്ചായത്ത് എസ്.സി എസി.സി.എസ് | ചേർത്തല | കോടംതുരുത്ത്, ആലപ്പുഴ | 1984 |
| 33 | എ.793,മാരാരിക്കുളം എസ്.സി എസ്.സി.എസ് | ചേർത്തല | മാരാരിക്കുളം വടക്ക് പി.ഒ, ആലപ്പുഴ | 1983 |

| | | | | |
|---|---|---|---|---|
| 34 | എ.713, മരുത്തോർവട്ടം എസ്.സി എസ്.സി.എസ് | ചേർത്തല | മരുത്തോർവട്ടം, ആലപ്പുഴ | 1980 |
| 35 | എ.262, പൂച്ചാക്കൽ എസ്.സി എസ്.സി.എസ് | ചേർത്തല | പൂച്ചാക്കൽ പി.ഒ, ആലപ്പുഴ | 1968 |
| 36 | എ.722, തുറവൂർ എസ്.സി. എസ്.സി.എസ് | ചേർത്തല | വളമംഗലം പി.ഒ, ആലപ്പുഴ | 1980 |
| 37 | എ.777, വയലാർ എസ്.സി എസ്.സി.എസ് | ചേർത്തല | വയലാർ, ആലപ്പുഴ | 1983 |
| 38 | എ.1251, ആലപ്പുഴ ജില്ലാ എസ്.സി യുവജന സി.എസ് | ചേർത്തല | ചേർത്തല പി.ഒ, ആലപ്പുഴ | 2022 |
| 39 | എച്ച്.ഡബ്ല്യു.62, വാരനാട് ഹരിജൻ മൾട്ടി പർപ്പസ് സി.എസ് | ചേർത്തല | വാരനാട് പി.ഒ, ആലപ്പുഴ | 1964 |
| 40 | എ.701, ചേന്നം പള്ളിപ്പുറം പട്ടികജാതി ഹരിജൻ സി.എസ് | ചേർത്തല | പള്ളിപ്പുറം പി.ഒ, ആലപ്പുഴ | 1980 |
| 41 | എ.762, മുഹമ്മ ഹരിജൻ മൾട്ടി പർപ്പസ് സി.എസ് | ചേർത്തല | മുഹമ്മ പി.ഒ, ആലപ്പുഴ | 1982 |
| 42 | എ.795, പാണാവള്ളി പട്ടികജാതി ഹരിജൻ എസ്.സി.എസ് | ചേർത്തല | പാണാവള്ളി പി.ഒ, ആലപ്പുഴ | 1984 |
| 43 | എ.822, പട്ടണക്കാട് പട്ടികജാതി എസ്.സി.എസ് | ചേർത്തല | പട്ടണക്കാട് പി.ഒ, ആലപ്പുഴ | 1986 |
| 44 | എ.269, പെരുമ്പളം ഹരിജൻ മൾട്ടിപർപ്പസ് സി.എസ് | ചേർത്തല | പെരുമ്പളം പി.ഒ, ആലപ്പുഴ | 1970 |
| 45 | തുറവൂർ ഹരിജൻ എം.പി.സി.എസ് | ചേർത്തല | പട്ടണക്കാട് പി.ഒ, ആലപ്പുഴ | 1974 |
| 46 | എ.803, തൈക്കാട്ടുശ്ശേരി ഹരിജൻ എസ്.സി.എസ് | ചേർത്തല | തൈക്കാട്ടുശ്ശേരി, ആലപ്പുഴ | 1984 |
| 47 | എ.726, ചേർത്തല പട്ടിക വർഗ്ഗ എസ്.സി.എസ് | ചേർത്തല | ചേർത്തല, ആലപ്പുഴ | 1980 |
| 48 | എച്ച്.ഡബ്ല്യു.1, വള്ളികുന്നം പട്ടികജാതി സി.എസ് | മാവേലിക്കര | മണക്കാട് പി.ഒ, ആലപ്പുഴ | 1961 |
| 49 | എ.266, താമരക്കുളം പട്ടികജാതി സി.എസ് | മാവേലിക്കര | താമരക്കുളം പി.ഒ, ആലപ്പുഴ | 1969 |
| 50 | എ.649, പാലമേൽ പട്ടികജാതി സി.എസ് | മാവേലിക്കര | നൂറനാട് പി.ഒ, ആലപ്പുഴ | 1977 |
| 51 | എ.733, നൂറനാട് പട്ടികജാതി സി.എസ് | മാവേലിക്കര | ചാരുംമൂട് പി.ഒ, ആലപ്പുഴ | 1980 |
| 52 | എ.728, ഭരണിക്കാവ് പട്ടികജാതി സി.എസ് | മാവേലിക്കര | പള്ളിക്കൽ പി.ഒ, ആലപ്പുഴ | 1980 |
| 53 | എ.658, മാവേലിക്കര പട്ടികജാതി സി.എസ് | മാവേലിക്കര | മാവേലിക്കര പി.ഒ, ആലപ്പുഴ | 1967 |
| 54 | എ.740, കണ്ണമംഗലം പട്ടികജാതി | മാവേലിക്കര | കടവൂർ പി.ഒ, ആലപ്പുഴ | 1980 |

| | | | | |
|---|---|---|---|---|
| | സി.എസ് | | | |
| 55 | എ.723,തെക്കേക്കര പട്ടികജാതി സി.എസ് | മാവേലിക്കര | തെക്കേക്കര പി.ഒ, ആലപ്പുഴ | 1980 |
| 56 | എച്ച്. ഡബ്ല്യു. 10, കണ്ണാട്ടുമോടി ഹരിജൻ സി.എസ് | മാവേലിക്കര | കണ്ണാട്ടുമോടി പി.ഒ, ആലപ്പുഴ | 1961 |
| 57 | എ.647, ചെന്നിത്തല തൃപ്പെരുംതുറ എസ്.സി /എസ്.റ്റി എസ്.സി.എസ് | മാവേലിക്കര | ചെന്നിത്തല പി.ഒ, ആലപ്പുഴ | 1978 |
| 58 | എ.791, ആലപ്പി ടൗൺ പട്ടിക ജാതി സി.എസ് | അമ്പലപ്പുഴ | പഴവീട്, ആലപ്പുഴ | 1983 |
| 59 | 766, പുറക്കാട് പട്ടികജാതി സി.എസ് | അമ്പലപ്പുഴ | പുറക്കാട്, ആലപ്പുഴ | 1982 |
| 60 | 780.മണ്ണഞ്ചേരി പട്ടികജാതി വടക്കുംഭാഗം സി.എസ് | അമ്പലപ്പുഴ | മണ്ണഞ്ചേരി , ആലപ്പുഴ | 1983 |
| 61 | എ.786,മണ്ണഞ്ചേരി പട്ടികജാതി തെക്കുംഭാഗം സി.എസ് | അമ്പലപ്പുഴ | ആര്യാട് നോർത്ത്, ആലപ്പുഴ | 1983 |
| 62 | 592, ആര്യാട് പഞ്ചായത്ത് പട്ടികജാതി സി.എസ് | അമ്പലപ്പുഴ | അവലൂകുന്ന്, ആലപ്പുഴ | 1990 |
| 63 | എ.691, മാരാരിക്കുളം തെക്ക് പഞ്ചായത്ത് സി.എസ് | അമ്പലപ്പുഴ | കാട്ടൂർ, ആലപ്പുഴ | 1980 |
| 64 | എ.968, അമ്പലപ്പുഴ താലൂക്ക് പട്ടികജാതി പട്ടിക വർഗ്ഗ വനിത അലക്കുതൊഴിലാളി സി .എസ് | അമ്പലപ്പുഴ | പാതിരാപ്പള്ളി, ആലപ്പുഴ | 1993 |
| 65 | എ.810, ആലപ്പുഴ ജില്ലാ എസ്.സി / എസ്.റ്റി മോട്ടോർ ട്രാൻസ്പോർട്ട് സി.എസ് | അമ്പലപ്പുഴ | സിവിൽ സ്റ്റേഷൻ, ആലപ്പുഴ | 1985 |
| 66 | എ.587, അമ്പലപ്പുഴ താലൂക്ക് പട്ടി കവർഗ്ഗ സി.എസ് | അമ്പലപ്പുഴ | പഴവീട്, ആലപ്പുഴ | 1990 |

സെക്ഷൻ ഓഫീസർ